(ബി) സമിതി ജനറൽ സെക്രട്ടറി ശ്രീ. സുനിൽ സി. കുര്യനെതിരെ വൻ സാമ്പത്തിക ക്രമക്കേടുകൾ ഉള്ളതായി ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിന്റെ ഇൻസ്പെക്ഷൻ വിംഗ് എന്നീ വകുപ്പുകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടി റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയുമാണ്. ഈ സാഹചര്യത്തിൽ പുതിയ ഭരണസമിതിയുടെ തെരഞ്ഞെടുപ്പിന് റിട്ടേണിംഗ് ഓഫീസറെ നിയമിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകാതെ സമിതിയുടെ ഭരണഘടന പ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയുണ്ടായി.

(സി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 66 കുട്ടികളെ സംസ്ഥാന ശിശുക്ഷേമ സമിതിക്കു ലഭിച്ചിട്ടുണ്ട്.

(ഡി) 45 കുട്ടികളെ വ്യവസ്ഥ പ്രകാരം ദത്ത് നൽകിയിട്ടുണ്ട്.

(ഇ) സാധാരണയായി ദത്ത് നൽകുന്നതിന് കാലതാമസമുണ്ടാകാറില്ല. ഒട്ടനവധി നടപടിക്രമങ്ങൾ വിവിധ സർക്കാർ വകുപ്പുകൾ പൂർത്തിയാക്കിയാണ് ദത്ത് നൽകേണ്ടത്. അനാവശ്യ കാലതാമസം ദത്ത് നൽകുന്നതിൽ ഉണ്ടാകാറില്ല.

(എഫ്) ശിശുക്ഷേമ സമിതിയുടെ ജില്ലാ കമ്മിറ്റികൾ ഉൾപ്പെടെയുള്ള പ്രവർത്തനം മെച്ചപ്പെടുത്തിയും സുതാര്യമായ ഒരു ഭരണസംവിധാനം ഏർപ്പെടുത്തിയും ഉദ്യോഗസ്ഥൻമാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും ജനോപകാര പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടപ്പാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

സഹകരണ ബാങ്കുകളിൽ എ.റ്റി.എം. സൗകര്യം

*18 [357] ശ്രീ. കെ. മുഹമ്മദാലി:
,, എ. പി. അനിൽകുമാർ:
,, എം. പി. ഗംഗാധരൻ:
,, എം. മുരളി:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണബാങ്കുകളിൽ ഓട്ടോമേറ്റഡ് ടെല്ലർ മെഷീൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എ.റ്റി.എം. സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ ബാങ്കിംഗ് ബിസിനസ് പുരോഗമിക്കുന്നതിന് ഇടയാകുമെന്ന് കരുതുന്നുണ്ടോ;

(സി) എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും സംസ്ഥാന സഹകരണ ബാങ്കുകൾക്കും ഈ സൗകര്യമുണ്ടോ എന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഈ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) നിലവിൽ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾക്ക് എ.റ്റി.എം. സൗകര്യം ഇല്ല. ബാങ്കുകളിലെ കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എ.റ്റി.എം. ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമെന്ന് ബാങ്കുകൾ അറിയിച്ചിട്ടുണ്ട്.

ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ

*19 [358] ശ്രീ. ഇ. എം. അഗസ്തി:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഏതെല്ലാം ഡിപ്പോകളിൽ ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ഇപ്പോൾ എത്ര കണ്ടക്ടർമാർ ഈ മെഷീൻ ഉപയോഗിക്കുന്നുണ്ട്;

(സി) ഇനി എത്ര പേർക്കുകൂടി ഈ മെഷീൻ നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ടിക്കറ്റ് മെഷീൻ ഏർപ്പെടുത്തിയതുമൂലമുള്ള സാമ്പത്തിക ലാഭം എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) പ്രിന്റ് ചെയ്ത എത്ര ടിക്കറ്റുകൾ കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ സ്റ്റോക്ക് ഉണ്ട് എന്നറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) തിരുവനന്തപുരം സിറ്റി, വികാസ് ഭവൻ, പേരൂർക്കട, പാപ്പനംകോട്, കൊട്ടാരക്കര, കൊല്ലം, കുമളി, തൃശ്ശൂർ, ഗുരുവായൂർ, കോഴിക്കോട് എന്നീ ഡിപ്പോകളിൽ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ ഏർപ്പെടുത്തുകയുണ്ടായി.

(ബി) 2,000 കണ്ടക്ടർമാർ.

(സി) 4,578 പേർക്ക്.

(ഡി) ഇത് എല്ലാ ഡിപ്പോകളിലും പൂർണ്ണമായും ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതുമൂലമുള്ള സാമ്പത്തികലാഭം കണക്കാക്കിയിട്ടില്ല.

(ഇ) 3,427 ലക്ഷം.

LIBRARY ARCHIVES Kerala Legislative Assembly